**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 40** **06-12-2022 - ൽ മറുപടിയ്ക്ക്**

**അന്ധവിശ്വാസം ഉന്മൂലനം ചെയ്യാൻ നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അന്ധവിശ്വാസവും ദുരാചാരങ്ങളും ഉന്മൂലനം ചെയ്യാൻ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | **ഇക്കാര്യം ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്.** |
| (ബി) | അന്ധവിശ്വാസം വൈയക്തിക തലത്തിൽ നിന്ന് സാമൂഹ്യ വിപത്തായി മാറുന്നതിനെതിരെ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ; | (ബി) | സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം ആലോചിക്കുന്നുണ്ട്. |
| (സി) | കലാസാംസ്കാരികരംഗം ചലനാത്മകമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികളെക്കുറിച്ചും ജില്ലകളിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തിയുടെ പുരോഗതിയെക്കുറിച്ചും അറിയിക്കുമോ? | (സി) | കലാസാംസ്കാരികരംഗം ചലനാത്മകമാക്കുന്നതിന് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി, നാട്ടരങ്ങ്, ഗ്രാമീണ കലാകേന്ദ്രം പദ്ധതി, കേരള സംസ്കാര വ്യാപനം പദ്ധതി, മഴമിഴി നവ മാധ്യമ കലാസംഗമം പദ്ധതി എന്നീ പദ്ധതികൾ സാംസ്കാരിക വകുപ്പിൽ നിലവിലുണ്ട്. ജില്ലകളിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

I/5521088/2022

## അനുബന്ധം

### സാംസ്കാരിക സമുച്ചയം പദ്ധതി

**കൊല്ലം, പാലക്കാട്**

കൊല്ലത്ത് ശ്രീനാരായണ ഗുരുവിന്റെ പേരിലുള്ള സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം

പൂർത്തിയായി വരുന്നു. പാലക്കാട് വി.ടി.ഭട്ടതിരിപ്പാടിന്റെ പേരിലുള്ള സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**തിരുവനന്തപുരം, ഇടുക്കി, എറണാകുളം, വയനാട്**

ഇടുക്കിയിൽ അക്കമ്മ ചെറിയാന്റെ പേരിലും വയനാട് എടച്ചേന കുങ്കന്റെ പേരിലും എറണാകുളത്ത് സഹോദരൻ അയ്യപ്പന്റെ പേരിലും, തിരുവനന്തപുരത്ത് മഹാത്മാ അയ്യങ്കാളിയുടെ പേരിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കാൻ ഭൂമി ലഭ്യമാകാത്ത സാഹചര്യത്തിൽ ഇതുവരേയും നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**മലപ്പുറം**

അബ്ദു റഹ്മാൻ സാഹിബിന്റെ പേരിൽ മലപ്പുറത്ത് സ്ഥാപിക്കുന്ന സമുച്ചയത്തിന് അഞ്ചേക്കർ ഭൂമി വിട്ടു നൽകാനാണ് സർക്കാർ ഉത്തരവായത്. എന്നാൽ 4.5 ഏക്കർ ഭൂമിയാണ് റവന്യൂ വകുപ്പിൽ നിന്നും കൈമാറി കിട്ടിയിട്ടുള്ളത്. ബാക്കി അര ഏക്കർ ഭൂമി കൂടി കൈമാറി നൽകുന്നതിനായി നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിച്ചു വരുന്നു.

**കണ്ണൂർ**

വാഗ്ഭടാനന്ദന്റെ പേരിൽ കണ്ണൂരിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിനായി 2.15 ഏക്കർ സ്വകാര്യ ഭൂമിയുടെ കൈവശാവകാശം കൈമാറി ലഭിച്ചിട്ടുണ്ട്. പാട്യം ഗ്രാമപഞ്ചായത്ത് സൗജന്യമായി വിട്ടു നൽകുമെന്നറിയിച്ച 89.06 സെന്റ് ഭൂമിയുടെ കൈമാറ്റ നടപടികൾ റവന്യൂ വകുപ്പിൽ പുരോഗമിച്ചു വരികയാണ്

**തൃശ്ശൂർ**

വള്ളത്തോൾ നാരായണ മേനോന്റെ പേരിൽ തൃശ്ശൂരിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട് ടെക്നിക്കൽ അപ്രൈസർ പൂർത്തി യായിട്ടില്ല

**പത്തനംതിട്ട**

പത്തനംതിട്ട ജില്ലയിൽ ചട്ടമ്പിസ്വാമികളുടെ പേരിൽ സാംസ്കാരിക സമുച്ചയത്തിനായി അനുയോജ്യ മായ ഭൂമി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**കോഴിക്കോട്**

കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീറിന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന് സ്വകാര്യ ഭൂമി ഏറ്റെടുക്കാനാണ് ഉദ്ദേശിക്കുന്നത്. നിർദ്ദിഷ്ട ഭൂമി LARR ആക്ട് പ്രകാരം ഏറ്റെടുക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

**ആലപ്പുഴ**

പി.കൃഷ്ണപിള്ളയുടെ പേരിൽ ആലപ്പുഴയിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ ഡി.പി.ആർ തയ്യാറാക്കി

കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ടെക്നിക്കൽ അപ്രൈസൽ പൂർത്തിയായിട്ടില്ല. പദ്ധതി ഭൂമി ആരോഗ്യ വകുപ്പിന്റേതാണ്. ഭൂമി കൈമാറി കിട്ടുന്നതിന് ജില്ലാ ഭരണകൂടത്തിനും കത്ത് നൽകിയിട്ടുണ്ട്

**കോട്ടയം**

ലളിതാംബിക അന്തർജ്ജനത്തിന്റെ പേരിൽ കോട്ടയത്ത് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന് സ്വകാര്യ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് ടെക്നിക്കൽ അപ്രൈസൽ പൂർത്തിയായിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരുന്നു

**കാസർഗോഡ്**

കാസർഗോഡ് സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം സാംസ്കാരിക വകുപ്പിന് കൈമാറി കിട്ടിയ 4 ഏക്കർ ഭൂമിയിൽ പുരോഗമിച്ചു വരുന്നു

സെക്ഷൻ ഓഫീസർ